**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3123** **25-10-2021 - ൽ മറുപടിയ്ക്ക്**

**പിറവം മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പിറവം നിയോജക മണ്ഡലത്തിലെ രാമമംഗലം പഞ്ചായത്തിലെ കൊടികുത്തിമല, ഇലഞ്ഞി പഞ്ചായത്തിലെ കുരുമല, പാമ്പാകുട പഞ്ചായത്തിലെ ഊരനാട്ട് ചിറ എന്നിവിടങ്ങളിൽ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ടൂറിസം ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ടൂറിസം ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. എന്നാൽ പിറവം നിയോജക മണ്ഡലത്തിലെ രാമമംഗലം പഞ്ചായത്തിലെ കൊടികുത്തിമല, ഇലഞ്ഞി പഞ്ചായത്തിലെ കുരുമല, പാമ്പാകുട പഞ്ചായത്തിലെ ഊരനാട്ട് ചിറ എന്നിവിടങ്ങളിൽ വിവിധ സാഹസിക ടൂറിസം സേവനങ്ങൾക്കുള്ള ഒരു വിശദ പദ്ധതി റിപ്പോർട്ട് സമർപ്പിക്കുവാനും അതിന്റെ അടിസ്ഥാനത്തിൽ എറണാകുളം ഡി.റ്റി.പി.സിയും കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയും സംയുക്തമായി വരുമാനം പങ്കുവച്ചുള്ള ഒരു സംരംഭ മാതൃക ആവിഷ്കരിക്കാനും കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയോട് എറണാകുളം ഡി.റ്റി.പി.സി ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ ഫയൽ നമ്പർ സഹിതം വിശദമാക്കാമോ; | (ബി) | റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണം ത്വരിതപ്പെടുത്തുന്നതിലേക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ